07-04-2023

FRIDAY വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-05/04/2023.

1. നെല്ല് സംഭരണ പ്രക്രിയ നേരിടുന്ന പ്രശ്നങ്ങളും, മെച്ചപ്പെടുത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളും കർഷകർക്കും മില്ലുകാർക്കും പൊതുജനങ്ങൾക്കും നിർദ്ദേശിക്കാം. ഡോ. വി കെ ബേബി ഐഎഎസ് അധ്യക്ഷനായുള്ള നെല്ല് സംഭരണ സമിതിയുടെ രണ്ടാമത്തെ യോഗത്തിലാണ് തീരുമാനം. നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ട വിലാസം: കൃഷി (WTO സെൽ) വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം 695001. നിർദ്ദേശങ്ങൾ ecrpaddyproc2023@gmail.com എന്ന ഇ-മെയിലിലേക്കും അയയ്ക്കാവുന്നതാണ്. നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 17 (17.04.2023) ആണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ **0471– 2517169** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിൽ മാതൃ പിതൃ ശേഖരത്തിൽപ്പെട്ട ഇറച്ചിക്കോഴികൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ നേരിട്ട് കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിൽ നിന്നും മൊത്തമായോ ചില്ലറയോ വാങ്ങാവുന്നതാണ് . കൂടുതൽ വിവരങ്ങൾക്ക് **9495000914** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക

3. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 25 മെട്രിക് ടൺ വരെ ഉള്ളി സംഭരിച്ച് വയ്ക്കുന്നതിനുള്ള 'ഒണിയൻ സ്റ്റോറേജ് സ്ട്രക്ചർ' നിർമ്മിക്കുന്നതിന് യൂണിറ്റൊന്നിന് ചെലവിന്റെ 50% പരമാവധി 87500/- രൂപ ധനസഹായം നൽകുന്നു. കർഷകർ, കൂട്ടായ്മകൾ, സംരംഭകർ, കച്ചവടക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിലോ, **0471 2330857, 9188954089** എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

4. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന/ മൃഗഡോക്ടറുടെ സേവനം കർഷകരുടെ വാതിൽപ്പടിയിൽ എന്ന പദ്ധതിയുടെ ഭാഗമായുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റിൽ ഓരോ വാഹനത്തിലും ഒരു വെറ്ററിനറി സർജൻ, ഒരു പാരാവെറ്റ്, ഒരു ഡ്രൈവർ കം അറ്റന്റർ എന്നിവർ

ഉണ്ടാകും. സർജറി ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ ഉൾപ്പെടെ വാഹനത്തിൽ ലഭ്യമാണ്. ഇപ്പോൾ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് സൗകര്യം ലഭ്യമാണ്. ഈ സേവനം ലഭിക്കുന്നതിന് **1962** എന്ന ഹെൽപ്പ് ലൈൻ നമ്പറുള്ള കേന്ദ്രീകൃത കോൾ സെന്റർ നമ്പരിൽ കർഷകർ വിളിക്കേണ്ടതാണ്. കന്നുകാലി, ആട് എന്നിവയ്ക്ക് 450 രൂപയും അരുമ മൃഗങ്ങൾക്ക് 950 രൂപയും കൃത്രിമ ബീജദാനത്തിന് 50 രൂപയുമാണ് നിരക്ക്. ഇത് ഓൺലൈനായി അടയ്ക്കാവുന്നതാണ്.

**പരിശീലനം**

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)-ന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ ഒരു വർഷ ക്കാലം നീണ്ടുനിൽക്കുന്ന തേനീച്ചപരിപാലന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. തേനീച്ചവളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ പരിപാലനമുറകളും പ്രായോഗികപരിശീലനവും ഉൾപെടുന്നതാണ് രണ്ടാഴ്ചയിൽ ഒരുദിവസം എന്ന കണക്കിൽ നടത്തുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലനപരിപാടി. കൂടുതൽ വിവരങ്ങൾക്ക് അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ, **04812353127, 7306464582** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

**വിള പരിപാലന നിർദ്ദേശങ്ങൾ**

6. വാഴ

ഈ പ്രത്യേക കാലാവസ്ഥയിൽ വാഴയിൽ മാണവണ്ടിന്റെ ഉപദ്രവം കാണാൻ സാധ്യതയുണ്ട്. മുൻകരുതലായി വാഴക്കന്ന് നടുന്നതിന് മുൻപ് കന്നിന്റെ അടിഭാഗത്ത് ചുറ്റും, ചെത്തി വൃത്തിയാക്കി ചാണകലായനിയും ചാരവും കലർന്ന മിശ്രിതത്തിൽ മുക്കി, മൂന്നോ നാലോ ദിവസം വെയിലത്തു വച്ചുണക്കി നടുക. കൂടാതെ വാഴക്കന്ന് ഒന്നിന് ഒരു കിലോഗ്രാം വേപ്പിൻപിണ്ണാക്ക് എന്ന തോതിൽ നടുമ്പോൾ ഇട്ടുകൊടുക്കുന്നത് നല്ലതാണ്. നേന്ത്രവാഴയ്ക്ക് നന തുടരുക. തടത്തിൽ പുതയിടുകയാണെങ്കിൽ നന നാലുദിവസത്തിൽ ഒരിക്കൽ മതി. ഒരു നനയ്ക്കു

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

40 ലിറ്റർ വെള്ളം വേണം. വാഴയുടെ ചുവട്ടിൽ മുളയ്ക്കുന്ന കന്നുകളും ഉണങ്ങിയ ഇലകളും വെട്ടിമാറ്റി നശിപ്പിക്കണം. മറ്റിനം വാഴകളും നനയ്ക്കുന്നതു കൊണ്ട് വിളവു കൂടും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം